# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4147 18.10.2011-ൽ മറുപടിയ്ക്ക്

## പിന്നോക്ക ക്ഷേമ വകുപ്പു രൂപീകരിക്കുന്നതു സംബന്ധിച്ച് സ്വീകരിച്ച നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. എ. പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | പിന്നോക്കക്ഷേമ വകുപ്പു രൂപീകരിക്കുന്നതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | **14.9.2011**-ലെ സർക്കാർ ഉത്തരവ് (കൈ) നം. 92/2011/പജപവവിവ പ്രകാരം സംസ്ഥാനത്ത് പിന്നോക്കവിഭാഗ ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ തത്വത്തിൽ തീരുമാനിച്ചു കൊണ്ടും ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കുവാൻ പട്ടികജാതി വികസന വകുപ്പിലെ അഡീഷണൽ ഡയറക്ടർ ശ്രീ.വി.ആർ.ജോഷിയെ ചുമതലപ്പെടുത്തിയും ഉത്തരവായിട്ടുണ്ട്. |
| (ബി) | പിന്നോക്കക്ഷേമ വകുപ്പു രൂപീകരണം സംബന്ധിച്ച് ഏതൊക്കെ വിഭാഗങ്ങളിൽ നിന്ന് ആവശ്യം ഉയർന്നിരുന്നു; | (ബി) | എസ്.എൻ.ഡി.പി യോഗം, വിശ്വകർമ്മ തുടങ്ങിയ സമുദായ സംഘടനകൾ ആവശ്യമുന്നയിച്ചിട്ടുണ്ട്. |
| (സി) | ഈ വകുപ്പിനു കീഴിൽ ജില്ലാതല സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) | വകുപ്പ് രൂപീകരണം സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചതിനു ശേഷം ഈ വിഷയം പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | പിന്നോക്കക്ഷേമ പ്രവർത്തനങ്ങൾ, പ്രത്യേകം വകുപ്പിന്റെ അഭാവം മൂലം തടസ്സപ്പെടുന്നതായും, ക്ഷേമ പദ്ധതികൾക്കുള്ള പണം ചെലവഴിക്കാനാവാതെ നഷ്ടപ്പെടുന്നതായുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ